വന്യമൃഗങ്ങളുടെ സെൻസസ്

69 [5530] ശ്രീ. എ. സുജനപാൽ:
,, കെ. മുഹമ്മദാലി:
,, കെ. എ. ചന്ദ്രൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ വന്യമൃഗങ്ങളുടെ സെൻസസ് നടത്തിയത് എന്നാണ്;

(ബി) എത്ര വർഷം കൂടുമ്പോഴാണ് ഈ സെൻസസ് നടത്തുന്നത്;

(സി) ഏതെല്ലാം ഇനങ്ങളിൽപ്പെടുന്ന വന്യമൃഗങ്ങളുടെ സെൻസസ് ആണെടുക്കുന്നത്;

(ഡി) ഏറ്റവും ഒടുവിൽ നടത്തിയ സെൻസസിൽ ഓരോ ഇനത്തിലും പെട്ട മൃഗങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഇ) സെൻസസിനുവിധേയമായ മൃഗങ്ങളുടെ എണ്ണം കൂടുന്നതായാണോ കുറയുന്നതായാണോ ഏറ്റവും ഒടുവിലത്തെ സെൻസസിൽ കണ്ടെത്തിയത്;

(എഫ്) മൃഗങ്ങളുടെ എണ്ണം കുറഞ്ഞിട്ടുള്ള പക്ഷം ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ജി) അവയുടെ എണ്ണം കൂടിയിട്ടുള്ളപക്ഷം ഈ വർദ്ധനവ് സാധാരണ തോതിലുള്ളതാണ് എന്ന് കരുതുവാൻ കഴിയുമോ?

ഉത്തരം

(എ) 2002 മേയ് മാസത്തിൽ.

(ബി) ദേശീയതലത്തിൽ വന്യജീവി സെൻസസ് സാധാരണ ഓരോ നാലുവർഷം കൂടുമ്പോഴാണ് നടത്തുന്നത്. എന്നാൽ ടൈഗർ സെൻസസ്, ടൈഗർ റിസർവ്വുകളിൽ എല്ലാവർഷവും, വന്യജീവി സങ്കേതങ്ങളിൽ രണ്ടുവർഷത്തിലൊരിക്കലും നടത്തിവരുന്നു.

(സി) പ്രധാനമായും താഴെപറയുന്ന വന്യജീവികളുടെ സെൻസസ് ആണെടുക്കുന്നത്. ആന, കടുവ, മ്ലാവ്, പുള്ളിമാൻ, കാട്ടുപോത്ത്, കരിങ്കുരങ്ങ്, സിംഹവാലൻകുരങ്ങ്, വെള്ളക്കുരങ്ങ്, കാട്ടുപന്നി, മലയണ്ണാൻ, വരയാട്, പുള്ളിപ്പുലി.

(ഡി) പ്രധാന ഇനങ്ങളിൽപെട്ട മൃഗങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

ആന	..	6939
കാട്ടുപോത്ത്	..	14787
മലയണ്ണാൻ	..	88919
കരിങ്കുരങ്ങ്	..	51517
മ്ലാവ്	..	30414
പുള്ളിമാൻ	..	38391
കാട്ടുപന്നി	..	60940
വരയാട്	..	600
കടുവ	..	71+7

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏറ്റവും ഒടുവിലത്തെ സെൻസസ് പ്രകാരം വരയാടുകളുടേതൊഴിച്ച് മറ്റു മൃഗങ്ങളുടെ എണ്ണം കൂടുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്.

(എഫ്) പാരിസ്ഥിതിക കാരണങ്ങളാണ് വരയാടുകളുടെ എണ്ണത്തിലുള്ള കുറവിന് കാരണമെന്ന് അനുമാനിക്കുന്നു.

(ജി) ആനയുടെത് ഒഴികെ ബാക്കിയുള്ള മൃഗങ്ങളുടെ വർദ്ധനവ് സാധാരണ തോതിലുള്ളതാണെന്ന് കരുതാവുന്നതാണ്.

വന്യമൃഗവേട്ട

70 [5531] ശ്രീ. സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എ. കെ. മണി:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർ അവരുടെ പരമ്പരാഗത ആയുധങ്ങൾ ഉപയോഗിച്ച് വേട്ടയാടുന്നത് നിയമാനുസൃതമാണോ;

(ബി) ആണെങ്കിൽ അവർക്ക് ഏത് വന്യമൃഗത്തേയും വേട്ടയാടുവാൻ അനുവാദമുണ്ടോ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെയ്യാർ വന്യജീവി പാർക്കിലെ മൃഗങ്ങളെ വന്ധ്യംകരണം ചെയ്ത നടപടി

71 [5536] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിൽ നെയ്യാർ ഡാം പ്രദേശത്ത് എത്ര വന്യജീവി പാർക്കുകളുണ്ട്;

(ബി) ഏതെല്ലാം വന്യജീവികളെയാണ് ഇവിടെ പാർപ്പിച്ചിട്ടുള്ളത്;

(സി) മീൻമുട്ടിയിലും പ്ലാവെട്ടിയിലുമുള്ള മാൻ പാർക്കിന്റെ അവസ്ഥയെന്താണെന്ന് വിശദീകരിക്കുമോ;

(ഡി) പ്ലാവെട്ടി പാർക്കിലെ മാനുകളെ വന്ധ്യംകരണത്തിന് വിധേയമാക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ നടപടി എന്ന് വ്യക്തമാക്കുമോ;

ചോദ്യം നമ്പർ 5532, 5533, 5534, 5535 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly